(ബി) ഡോ. അംബേദ്കറുടെ സ്മരണ ശാശ്വതമാക്കുന്നതിനായി കേരള യൂണിവേഴ്സിറ്റിയിൽ അംബേദ്കർ ചെയർ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. നിയമസഭാ സമുച്ചയത്തിൽ ഡോ. അംബേദ്കറുടെ പ്രതിമ സ്ഥാപിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്ക്കൂളിൽ പലതിനും ഡോ. അംബേദ്കറുടെ നാമധേയം നൽകിയിട്ടുണ്ട്.

എറണാകുളത്ത് സ്റ്റേഡിയത്തിനും വയനാട് പ്രവർത്തിക്കുന്ന 'അമൃത്' എന്ന പരിശീലന കേന്ദ്രത്തിനും ഡോ. അംബേദ്കറുടെ നാമധേയമാണ് നൽകിയിട്ടുള്ളത്.

പട്ടികജാതിക്കാരെ സംബന്ധിച്ച വാർത്തകളും ഫീച്ചറുകളും റിപ്പോർട്ട് ചെയ്യുന്നവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾക്കും, മികച്ച സേവനം അനുഷ്ഠിക്കുന്ന ഒരു സന്നദ്ധ സംഘടനയ്ക്കും, തെരഞ്ഞെടുക്കപ്പെടുന്ന ഒരു മാധ്യമപ്രവർത്തകനും 30,000 രൂപ വീതമുള്ള അംബേദ്കർ അവാർഡും ഫലകവും നൽകുന്നുണ്ട്. കൂടാതെ എൽ.എൽ.ബി. പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 5,000 രൂപയുടെ ക്യാഷ് അവാർഡും മെഡലും ഡോ. അംബേദ്കറുടെ പേരിൽ നൽകുന്നുണ്ട്.

(സി) എത്രയും വേഗത്തിൽ അംബേദ്കർ ഭവന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

സാംസ്കാരിക സ്മാരകങ്ങൾ

159 [164] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിലെ സാംസ്കാരിക തനിമയുള്ള സ്മാരകങ്ങളുടേയും കെട്ടിടങ്ങളുടേയും സംരക്ഷണത്തിന് പ്രത്യേക നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

ഉണ്ട്. പൈതൃകമൂല്യം ഉള്ളതായി ആർട്ട് & ഹെറിട്ടേജ് കമ്മീഷൻ നിർദ്ദേശിക്കുന്ന കെട്ടിടങ്ങളുടെ മാറ്റം വരുത്തലോ കൂട്ടിച്ചേർക്കലോ പൊളിച്ചുമാറ്റലോ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കുന്നതിനോ, നിരസിക്കുന്നതിനോ കമ്മീഷന്റെ അനുമതി വാങ്ങേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യേണ്ടതുണ്ട്. ഇതിലേക്കായി 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly